ഞാൻ ചോദിച്ച ചോദ്യത്തിന് ഇപ്പോൾ ഞാൻ ഉത്തരം കൊടുക്കേണ്ട അവസ്ഥ വന്നിരിക്കുകയാണ്. അഞ്ചു കൊല്ലം മുമ്പ് ചോദിച്ച ചോദ്യത്തിന്. ഒരു നിയമസഭ കഴിഞ്ഞ് വേറെ ഒരു നിയമസഭ വന്നു കഴിഞ്ഞാൽ അതിന് മറുപടി കൊടുക്കേണ്ട തുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചുകൂടി ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകണം.

## V റൂളിംഗ്

മി. സ്പീക്കർ: ചെയർ അതിനെ സംബന്ധിച്ച് പറയാം. നിയമസഭാ ചോദ്യങ്ങൾക്ക് യഥാ സമയം മറുപടി ലഭിക്കുന്നില്ല എന്നുള്ള പ്രശ്നം നമ്മൾ ഈ സഭയിൽത്തന്നെ നിരവധി പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിക്കപ്പെടുകയും അതിന് ചെയർ മറുപടി പറയുകയും ചെയ്തിട്ടുള്ള താണ്. ഇവിടെ പറഞ്ഞതുപോലെ വിവരാവകാശ നിയമം അനുസരിച്ച് എളുപ്പത്തി ൽത്തന്നെ വിവരം ലഭ്യമാക്കുന്നതിനുള്ള സാഹചര്യമുണ്ട്. തീർച്ചയായും നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നല്കണമെന്ന് വ്യക്തമാക്കിക്കൊണ്ട് അങ്ങ് റൂളിംഗ് നൽകിയാലും അത് വേണ്ടത്ര ഫലപ്രദമായി പാലിക്കപ്പെടുന്നില്ല. യഥാസമയം മറുപടി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട മന്ത്രിമാർ ശ്രദ്ധിക്കേണ്ടതാണെന്നാണ് ചെയറിന് പറയാനുള്ളത്. അതോടൊപ്പംതന്നെ ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയും പറഞ്ഞതുപോലെ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്ത് ചെയ്യാൻ കഴിയു മെന്നത് സംബന്ധിച്ച് നമ്മുടെ നിയമസഭാ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റി ഫോം ചെയ്തിട്ടുണ്ട്. ശ്രീ. കെ. എം. മാണി ഉൾപ്പെടെയുള്ള ആളുകളെല്ലാം ചേർന്ന് ആ സമിതി ഈ കാര്യം, ഇപ്പോൾ ഈ റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് ഒക്കെ വന്ന സ്ഥിതിക്ക് അത് സംബന്ധിച്ചുകൂടി പരിശോധിച്ച് എത്രയും പെട്ടെന്ന് നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കുന്ന കാര്യത്തെക്കുറിച്ചുകൂടി സമിതി പരിശോധി ക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

## VI സബ്മിഷൻ

### (1) പി. എസ്. സി. അപേക്ഷകൾ നിരസിച്ചതു സംബന്ധിച്ച്

ശ്രീ. എ. പി. അനിൽകുമാർ: സർ, എൽ. പി. സ്കൂൾ അദ്ധ്യാപക തസ്തികയി ലേക്ക് അപേക്ഷ നൽകിയ ആയിരത്തോളം അപേക്ഷകൾ സമയ പരിധി കഴിഞ്ഞു എന്ന കാരണം പറഞ്ഞുകൊണ്ട് പി.എസ്.സി നിരസിച്ചിരിക്കുകയാണ്. എൽ. പി. സ്കൂൾ അദ്ധ്യാപക നിയമനത്തിന് അപേക്ഷ നൽകേണ്ട അവസാന തീയതി ഫെബ്രുവരി നാല് ആയിരുന്നു. ഫെബ്രുവരി നാലാം തീയതിക്കു മൂന്നാഴ്ച മുമ്പ് വരെ നൽകിയ അപേക്ഷകൾ പോലും പി.എസ്.സി. പല കാരണങ്ങൾ പറഞ്ഞു കൊണ്ട് നിരസിച്ചിരിക്കുകയാണ്. അതിനെതിരായി കോടതിയിൽ പോയ അമ്പ തോളം ഉദ്യോഗാർത്ഥികളുടെ അപേക്ഷ സ്വീകരിക്കുവാനുള്ള നിർദ്ദേശം പി.എസ്.സി. നൽകിയിരിക്കുകയാണ്. ബാക്കി കോടതിയെ സമീപിക്കാത്ത ഒട്ടനവധി ഉദ്യോഗാർത്ഥി കളുണ്ട്. എൽ. പി. സ്കൂൾ അദ്ധ്യാപക നിയമനത്തിനുവേണ്ടി അപേക്ഷിക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly